"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

എൻ.സി.സി വകുപ്പ് നടത്തുന്ന 'എ','ബി','സി' സട്ടിഫിക്കറ്റ് പരീക്ഷകൾ നടത്തുന്നതിനാവശ്യമായ ചോദ്യപേപ്പർ സൗജന്യമായി അച്ചടിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(കൈ) നം.203/2020/ഉ.വി.വ** തീയതി,തിരുവനന്തപുരം, 03/06/2020

---

പരാമർശം:- 1 19-3-1988 ലെ ജി.ഒ(എം.എസ്) 63/88/ഉവിവ നം. ഉത്തരവ്.

2 എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 17-01-2019, 05-02-2019 തീയതികളിലെ 399 /ബി1-എസ്റ്റാ/2016/എൻ.സി.സി നം. കത്തുകൾ.

**<u>ഉത്തരവ്</u>**

എൻ.സി.സി വകുപ്പ് ജനുവരി , ഫെബ്രുവരി മാസങ്ങളിൽ നടത്തുന്ന 'എ' സർട്ടിഫിക്കറ്റ് , 'ബി' സർട്ടിഫിക്കറ്റ് , 'സി' സർട്ടിഫിക്കറ്റ് പരീക്ഷകൾ നടത്തുന്നതിനാവശ്യമായ ചോദ്യപേപ്പർ അതതു മേഖലയിലെ അച്ചടി കാര്യാലയങ്ങളിൽ സൗജന്യമായി അച്ചടിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമൾശം (1) ഉത്തരവിലെ വ്യവസ്ഥ പ്രകാരം, എൻ . സി . സി വകുപ്പ നടത്തുന്ന 'എ' സർട്ടിഫിക്കറ്റ് , 'ബി' സർട്ടിഫിക്കറ്റ് , 'സി' സർട്ടിഫിക്കറ്റ് പരീക്ഷകൾ നടത്തുന്നതിനാവശ്യമായ ചോദ്യപേപ്പർ അച്ചടി വകുപ്പിന് കീഴിലുള്ള അതതു മേഖലയിലെ സർക്കാർ പ്രസ്സുകളിൽ സൗജന്യമായി അച്ചടിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESHKUMAR.K.K.
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം

അഡീഷണൽ ഡയറക്ടർ ജനറൽ,എൻ.സി.സി,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by Sudhila L
Date: 2020.06.05 12:21:44 IST
Reason: Approved

സെക്ഷൻ ഓഫീസർ